# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5743

## 25.05.2017 ലെ മറുപടിക്ക്

## <u>മണ്ഡലം ആസ്തി വികസന പദ്ധതി</u>

| | ചോദ്യം<br>ശ്രീ.വി. പി. സജീന്ദ്രൻ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ നിർവഹിച്ചിട്ടുള്ള പ്രവൃത്തികളുടെ സേവിംഗ്സ് തുക ഉപയോഗപ്പെടുത്തി പുതിയ പ്രവൃത്തികളുടെ നിർവ്വഹണം സാധ്യമാണോ; | ആസ്തി വികസന പദ്ധതിയിൻ കീഴിൽ സമർപ്പിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഏറ്റവും പുതുക്കിയ SoR അനുസരിച്ച് തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ധനാനുമതിയും ഭരണാനുമതിയും നൽകി വിവിധ വകുപ്പുകൾ മുഖേനയാണ് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നത്. സർക്കുലർ നം. 97/2013/ധന. തീയതി 04.12.2013 പ്രകാരം പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് ഉപയോഗപ്പെടുത്തി പുതിയ പ്രവൃത്തികളുടെ നിർവ്വഹണം അനുവദനീയമല്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടെണ്ടർ സേവിംഗ്സും ടെണ്ടർ എക്സസും ടെണ്ടർ നടപടിക്രമങ്ങളിലെ സ്വാഭാവിക പ്രക്രിയയായതിനാലും നിയോജക മണ്ഡലാടിസ്ഥാനത്തിൽ അനുമതി നൽകിയിട്ടുള്ള ഓരോ പ്രവൃത്തികളുടെയും അടങ്കൽ തുകയിൽ ആയത് അനുസരിച്ച് വ്യത്യാസം വരുത്തുന്നത് പ്രായോഗികമല്ലാത്തതിനാലുമാണ് ഇപ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചത്. ആയതുകൊണ്ടു തന്നെ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള ടെണ്ടർ സേവിംഗ്സ് തുക ധനകാര്യ വകുപ്പിൽ സൂക്ഷിക്കുന്നില്ല. |
| (ബി) | ഇപ്രകാരം ഹരിപ്പാട് മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികളുടെ മുൻവർഷത്തെ സേവിംഗ്സ് തുക എത്രയാണ്; | |
| (സി) | പ്രസ്തുത തുക ഉപയോഗപ്പെടുത്തി പുതിയ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ? | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ